**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1182** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് സ്ഥിരം വേദി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സജീവ് ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. പി. നൗഷാദ് അലി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് വേദികൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അറിയിക്കാമോ;

**<u>മറുപടി:</u>**

| |
|---|
| സംസ്ഥാനത്തെ തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് വേദികൾ ലഭിക്കുന്നില്ല എന്ന പരാതി രേഖാമൂലം ലഭ്യമായിട്ടില്ല. എന്നാൽ ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതു ഇടങ്ങളോ കണ്ടെത്തി 'നാട്ടരങ്ങ്' എന്നപേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന വകുപ്പിന്റെ നാട്ടരങ്ങ് പദ്ധതി പ്രകാരം സംസ്ഥാനത്ത് 5 നാട്ടരങ്ങുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സാംസ്കാരിക വകുപ്പിന്റെ സാംസ്കാരിക സമുച്ചയ പദ്ധതിയിൽ ഉൾപ്പെട്ട് നിർമ്മാണം പൂർത്തിയായ കൊല്ലം ശ്രീ നാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിലെ സൗകര്യങ്ങളായ ഓപ്പൺ എയർ ഓഡിറ്റോറിയം, ബ്ലാക്ക് ബോക്സ് തീയറ്റർ, സെമിനാർ ഹാൾ, എ.വി തീയറ്റർ, ആഡിറ്റോറിയം എന്നിവ സാംസ്കാരിക പരിപാടികൾക്കായി വാടക നിരക്കിൽ പൊതുജനങ്ങൾക്ക് അനുവദിച്ചു വരുന്നുണ്ട്. |

**(ബി)** പ്രധാനപ്പെട്ട വിനോദസഞ്ചാര മേഖലകളിൽ ഇത്തരം കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് സ്ഥിരം വേദികൾ സജ്ജീകരിക്കുമോ; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** പ്രധാനപ്പെട്ട വിനോദസഞ്ചാര മേഖലകളിൽ തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് സ്ഥിരം വേദികൾ സജ്ജീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു.

**(സി)** സീസണുകൾ അല്ലാത്ത സമയത്ത് ഇത്തരം കലാകാരൻമാർ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ടി വിഷയം പരിശോധിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**